**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3816** **27-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവെങ്കിടം റെയിൽവേ അടിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ തിരുവെങ്കിടം റയിൽവേ അടിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | പ്രസിദ്ധ തീർത്ഥാടന കേന്ദ്രങ്ങളായ ഗുരുവായൂർ ക്ഷേത്രത്തെയും തിരുവെങ്കിടം ക്ഷേത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഗുരുവായൂർ റെയിൽവേ സ്റ്റേഷന് കുറുകെ ഒരു അടിപ്പാത വിഭാവനം ചെയ്തിട്ടുണ്ട്. ഗുരുവായൂർ നഗരസഭയുടെ കീഴിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഈ അടിപ്പാത Deposit Scheme പ്രകാരം നിർമ്മിക്കുന്നതിന് ഗുരുവായൂർ നഗരസഭ ദക്ഷിണ റെയിൽവേയെ സമീപിക്കുകയും റെയിൽവേ ആവശ്യപ്പെട്ട Centage charge അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ദക്ഷിണ റെയിൽവേയും ഗുരുവായൂർ നഗരസഭയും ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് പ്രസ്തുത അടിപ്പാതയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത അടിപ്പാതയുടെ GAD തയ്യാറാക്കി KRDCL റെയിൽവേക്കു സമർപ്പിച്ചിരുന്നെങ്കിലും ചില തിരുത്തലുകൾ ആവശ്യപ്പെട്ട് GAD മടക്കിയിരുന്നു. റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ GAD തിരുവനന്തപുരം റെയിൽവേ ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുകയും ആയത് ഡിവിഷണൽ റെയിൽവേ മാനേജർ അംഗീകരിച്ച് ദക്ഷിണ റെയിൽവേ ഹെഡ് ക്വാർട്ടേഴ്സിലേക്ക് അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. GAD യുടെ അംഗീകാരം റെയിൽവേയിൽ നിന്ന് ലഭിച്ചു കഴിഞ്ഞാൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2 സെന്റ് സ്ഥലവും ആവശ്യമാണ്. സ്വകാര്യ വ്യക്തിയുടെ ഭൂമി പണം നൽകി ഏറ്റെടുക്കാൻ ഗുരുവായൂർ നഗരസഭ തീരുമാനിച്ചിട്ടുണ്ട്. ദേവസ്വം |

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിലുള്ള ഭൂമി Land Transfer മുഖേന കൈമാറുന്നതിനുള്ള നടപടികൾ ഗുരുവായൂർ നഗരസഭയും ദേവസ്വവും ചേർന്ന് സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കലിനുവേണ്ടിയുള്ള തുക ഗുരുവായൂർ മുൻസിപ്പാലിറ്റി നിക്ഷേപിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ